"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരൂർ നഗരസഭ - കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷയുമായി ബന്ധപ്പെട്ട PW3-265/2022 നമ്പർ ഫയലിലെ ക്രമക്കേട് - ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് -നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി , ശ്രീമതി സിനി ടി.എൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1935/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

---

പരാമർശം:-

1. ഇന്റേഷണൽ വിജിലൻസ് ഓഫീസർമാരുടെ 06.11.2021 തീയതിയിലെ LSGD/JD/MPM/8153/2023-H1 നമ്പർ പരിശോധന റിപ്പോർട്ട്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.01.2024 തീയതിയിലെ LSGD/PD/63674/2023-VIGD3 നമ്പർ കത്ത്.
3. നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി , ശ്രീമതി സിനി ടി.എൻ എന്നിവർക്ക് നൽകിയ 06.03.2024 തീയതിയിലെ ഇയു4/24/2024-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
4. ശ്രീ.ഷെറി ജി സർപ്പിച്ച 18.04.2024 തീയതിയിലെ പ്രതിവാദ പത്രിക
5. ശ്രീമതി സിനി ടി.എൻ സർപ്പിച്ച 05.06.2024 തീയതിയിലെ പ്രതിവാദ പത്രിക
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.05.2025 തീയതിയിലെ LSGD/PD/63674/2023-VIGD3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാർ തിരൂർ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 02.11.2023 തീയതിയിൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത പരിശോധനയിൽ ശ്രീ.നൗഷാദലി & ശ്രീ.അബ്ദുൽ ഹമീദ് എന്നവർ 02/11/2022 തീയതിയിൽ സമർപ്പിച്ച കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷയുമായി ബന്ധപ്പെട്ട PW3-265/2022 എന്ന ഫയലിൽ ക്രമക്കേട് കണ്ടെത്തുകയും നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി, ശ്രീമതി സിനി ടി.എൻ എന്നിവരിൽനിന്നും വിശദീകരണം തേടാവുന്നതാണെന്ന് ശിപാർശ ചെയ്ത് റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

2.ടി വിഷയത്തിൽ PW3-265/2022 നമ്പർ ഫയലുമായി ബന്ധപ്പെട്ട കെട്ടിടത്തിൽ നിലനിൽക്കുന്ന രണ്ട് അപാകതകളിൽ ചട്ട പ്രകാരം സ്പഷ്ടീകരണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടും നിബന്ധനകളോടെ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് പെർമിറ്റ് ഫീ ഈടാക്കുന്നതിന് ഉത്തരവിട്ട തിരൂർ നഗരസഭാ സെക്രട്ടറി ശ്രീ.ഷെറി ജി-യ്ക്കെതിരെയും കെ.എം.ബി.ആർ ചട്ടം 29, 36(4) എന്നിവയിൽ സ്പഷ്ടീകരണത്തിനായി ചട്ടം 109 പ്രകാരം

സർക്കാരിലേക്ക് കത്ത് നൽകുന്നതിന് ഫയലിലെ നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിക്കാതിരിക്കുകയും ഫയൽ വ്യക്തമായി പരിശോധിക്കാതെ കെട്ടിട നിർമ്മാണാനുമതി ഓൺലൈനായി അനുവദിക്കുകയും പ്ലാനും അനുബന്ധ രേഖകളുടെയും ഹാർഡ്കോപ്പി ഒപ്പുവെച്ച് നൽകാതിരിക്കുകയും ചെയ്ത നഗരസഭാ സെക്രട്ടറി ശ്രീമതി സിനി ടി.എൻ-ന് എതിരെയും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് നഗരസഭ സെക്രട്ടറിമാരായിരുന്ന ശ്രീ.ഷെറി ജി, ശ്രീമതി സിനി ടി.എൻ എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

3.കുറ്റാരോപണ മെമ്മോ/പത്രിക-യ്ക്ക് ശ്രീ.ഷെറി ജി പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ എല്ലാ ആരോപണങ്ങളും നിഷേധിച്ചിരുന്നു. ഇന്റേണൽ വിജിലൻസ് ഓഫീസർമാർ ആരോപിക്കുന്ന അപാകതകൾ തിരൂർ മുനിസിപ്പാലിറ്റിയിലെ ഓവർസിയർ എഴുതിയ സംശയങ്ങൾ മാത്രമാണെന്നും ടി സംശയങ്ങൽ ദൂരീകരിക്കുന്നതിന് 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 109-ാം റൂൾ പ്രകാരം സർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം ആധികാരികമാക്കിയിട്ടില്ല ടി കുറ്റങ്ങൾ പ്രസ്തുത ഇന്റേണൽ വിജിലൻസ് ഓഫീസർമാർ എന്നിൽ ചുമത്തിയിരിക്കുന്നതെന്നും ആരോപിക്കുന്ന കെട്ടിട നിർമ്മാണ ചട്ട ലംഘനങ്ങൾ നിലനിൽക്കുന്നുവെങ്കിൽ 2019 കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ 16 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കെട്ടിട നിർമ്മാണത്തിനെതിരെ 1994 ലെ കേരള മുനിസിപാലിറ്റി ആക്ട് 406 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനുള്ള റിപ്പോർട്ടോ ശുപാർശയോ നൽകിയിട്ടില്ലെന്നും കെട്ടിട നിർമ്മാണങ്ങളും ഭൂവികസനങ്ങളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടത് 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 105-ാം ചട്ട പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തലവനായിട്ടുള്ള സംസ്ഥാനതല വിജിലൻസ് വിഭാഗമാണെന്നും ആയതിന് വിരുദ്ധമായി ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുറ്റാരോപണ മെമ്മോ നൽകിയിരിക്കുന്നതെന്നും ആയത് ബഹു. സുപ്രീംകോടതിയുടെ A.R.ANTULAY VS RAMADAS (Reported in 1984 (2) SCC 500) കേസിലും ബഹു.ഹൈക്കോടതിയുടെ ബീരാൻകുട്ടി Vs മുനിസിപ്പൽ കമ്മീഷണർ, മഞ്ചേരി (Reported in 1984 KHC 102) കേസിലും ഉള്ള നിരീക്ഷണങ്ങൾക്ക് വിരുദ്ധമാണെന്നും കെട്ടിട നിർമാണ ചട്ടങ്ങളിൽ വ്യക്തതക്കുറവുണ്ടെങ്കിൽ സംശയ ദൂരീകരണത്തിനായി ബഹു. സർക്കാരിനെ സമീപിക്കാവുന്നതാണെന്ന് 109-ാം ചട്ടം വ്യക്തമാക്കുന്നുണ്ടെന്നും ആയതു പ്രകാരം സ്പഷ്ടീകരണം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലും വ്യക്തത വരുത്തേണ്ടതായ ചട്ടങ്ങൾ 2019 ലെ കെ.എം.ബി.ആർ. 3(5) ചട്ട പ്രകാരം ബഹു.സർക്കാരിന് ഇളവ് നൽകാൻ കഴിയുമെന്നതിനാലും ടി അപാകതകൾ കെട്ടിട നിർമ്മാണത്തെ ബാധിക്കുന്നതല്ലാത്തതിനാലും സർക്കാർ നിർദ്ദേശമനുസരിച്ച് പൂർത്തീകരണ സമയത്ത് മേൽ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ ആയത് വരുത്തുവാൻ ബാധ്യസ്ഥനായിരിക്കുമെന്ന വ്യവസ്ഥ പെർമിറ്റിൽ രേഖപ്പെടുത്തി പെർമിറ്റ് ഫീസ് ഈടാക്കി പെർമിറ്റ് നൽകുവാൻ ഉത്തരവിട്ടത് ഉത്തമ വിശ്വാസത്തിലും ഉത്തരവാദപ്പെട്ട കാര്യനിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിലാണെന്നും പ്രതിവാദ പത്രികയിൽ ശ്രീ.ഷെറി. ജി രേഖപ്പെടുത്തിയിരുന്നു.

5.ശ്രീമതി സിനി ടി.എൻ പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. തിരൂർ നഗരസഭാ സെക്രട്ടറിയായി ചാർജെടുത്തത് 06/03/2023 നാണെന്നും PW3-265/22

നമ്പർ ഫയൽ ഫീസ് ഒടുക്കിയതിന് ശേഷം ഓൺലൈൻ അപ്രൂവൽ ആയി 22/03/2023 നാണ് മുനിസിപ്പൽ എഞ്ചിനീയർ forward ചെയ്ത് സങ്കേതം സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാകുന്നതെന്നും 22/03/2023 ന് തന്നെ താമസം കൂടാതെ അപ്രൂവ് ചെയ്തിട്ടുള്ളതാണെന്നും ശേഷം 05/05/2023 ന് പെർമിറ്റ് ഒപ്പ് വെയ്ക്കുന്നതിനായും പ്ലാൻ ബി സാക്ഷ്യപ്പെടുത്തുന്നതിനുമായി ഫയൽ സമർപ്പിച്ചപ്പോൾ പെർമിറ്റ് ഒപ്പുവെച്ച് നൽകിയിട്ടുളളതാണെന്നും എന്നാൽ പ്ലാൻ പരിശോധിച്ചപ്പോൾ ബന്ധപ്പെട്ട സാങ്കേതിക വിഭാഗം പ്ലാൻ അപ്രൂവ് ചെയ്തിട്ടില്ലാത്തതായി മനസ്സിലാക്കിയതായും പ്ലാൻ വെരിഫൈ ചെയ്ത ഓവർസിയർ, അസി. എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തി പ്ലാൻ സമർപ്പിക്കുന്നതിന് 05/05/2023 ൽ തന്നെ നിർദ്ദേശം നൽകിയിരുന്നതാണെന്നും എന്നാൽ ടി വിഷയത്തിൽ പ്രസ്തുത പ്ലാനിൽ KMBR Rule(29), Rule(36) എന്നിവ പാലിച്ചിട്ടില്ലാത്തതിനാൽ അസി.എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ പ്ലാനിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടിലാത്തതാണെന്നും ഫയൽ പരിശോധിച്ചപ്പോഴാണ് KMBR Rule(29), Rule (36) എന്നിവയിലുള്ള സ്പഷ്ടീകരണത്തിനായി ബഹു. സർക്കാരിലേക്ക് കത്ത് അയക്കുന്നതിനും പൂർത്തീകരണ സമയത്ത് മേൽ സംഗതിയിൽ എന്തെങ്കിലും ഭേദഗതി വരുകയാണെങ്കിൽ ആയതു വരുത്തുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും എന്ന വ്യവസ്ഥയോടെയാണ് പെർമിറ്റ് നൽകുന്നതിന് മുൻ സെക്രട്ടറി ഉത്തരവായിട്ടുളളത് എന്ന് മനസ്സിലാക്കുന്നതെന്നും നഗരസഭ അപ്രൂവ് ചെയ്യുന്ന പ്ലാനിന് വിധേയമായി നിർമ്മാണ പ്രവർത്തനം നടത്തുന്ന കെട്ടിടത്തിൽ പൂർത്തീകരണ സമയത്ത് മാറ്റങ്ങൾ വരുത്തുവാൻ നിർദ്ദേശിക്കുന്നത് അപ്രായോഗികമാണെന്ന് വിലയിരുത്തിയതിനാൽ അപേക്ഷകൻ മേൽ ന്യൂനതകൾ പരിഹരിക്കുന്നതിന് നോട്ടിസ് നൽകിയിട്ടുള്ളതാണെന്നും മേൽ നോട്ടീസിന് മറുപടി ലഭിച്ചിട്ടില്ലാത്തതും ആയതനുസരിച്ച് പ്ലാൻ correct ചെയ്ത് സമർപ്പിച്ചിട്ടില്ലാത്തതാണെന്നും ശ്രീ. നൗഷാദ് അലി സമർപ്പിച്ച അപേക്ഷയിൽ നഗരസഭാ സെക്രട്ടറി എന്ന നിലയിൽ കൃത്യമായ നടപടി സ്വീകരിച്ചിരുന്നതായും ഉത്തരവാദിത്തപ്പെട്ട ഓഫീസർ എന്ന നിലയിൽ നിർമ്മാണ അനുമതിക്ക് തുക അടച്ച വന്ന ഓൺലൈൻ ഫയലിൽ തുടർനടപടി സ്വീകരിക്കുകയാണ് ആദ്യമായി ചെയ്തിട്ടുള്ളതെന്നും എന്നാൽ പിന്നീട് Manual ആയി ഫയൽ അപ്രൂവ് ചെയ്യുവാൻ വേണ്ടി സമർപ്പിച്ചപ്പോഴാണ് സാങ്കേതിക വിഭാഗം ടി പ്ലാനിൽ KMBR ലംഘനം ഉള്ളതായി നോട്ട് എഴുതിയത് ശ്രദ്ധയിൽപ്പെട്ടതെന്നും ഫയലിൽ മുൻ സെക്രട്ടറി ഉത്തരവായതുപോലെ ഉപാധികളോടെ നിർമ്മാണനുമതി നൽകുന്നത് പൂർത്തീകരണ സമയത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോധ്യപ്പെട്ടതിനാൽ ആയത് പരിഹരിക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകി പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ശ്രീമതി. സിനി ടി.എൻ പ്രതിവാദ പത്രികയിൽ രേഖപ്പെടുത്തിയിരുന്നു.

6.ശ്രീ.ഷെറി ജി, ശ്രീമതി സിനി ടി.എൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഓവർസിയർ ഫയലിൽ രേഖപ്പെടുത്തിയ പ്ലാനിൽ കെ.എം.ബി.ആർ ചട്ടം 29, ചട്ടം 36(4) എന്നിവ പാലിച്ചിട്ടില്ല എന്നുള്ള അപാകതകൾ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും ആയത് പരിശോധിച്ച് അപേക്ഷയിൽ ചട്ട പ്രകാരം സ്പഷ്ടീകരണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടും നഗരസഭ സെക്രട്ടറി നിബന്ധനകളോടെ കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിനും പെർമിറ്റ് ഫീ ഈടാക്കുന്നതിനും ഉത്തരവ് നൽകുകയതും അപേക്ഷകർക്ക് നോട്ടീസ് നൽകാതെ പെർമിറ്റ് അനുവദിക്കുന്നതിന് ശിപാർശ ചെയ്തതും ഉത്തരവാദപ്പെട്ട കാര്യനിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ശ്രീ. ഷെറി ജി. യുടെ കൃത്യനിർവണത്തിലെ ഗുരുതരമായ വീഴ്ചയാണെന്നും ടിയാൻ 31.05.2025 തീയതിയിൽ

സേവനത്തിൽനിന്നും വിരമിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീമതി. സിനി ടി.എൻ സെക്രട്ടറിയായി ചാർജ്ജെടുത്ത ഉടനെ പരാമർശ വിധേയമായ കെട്ടിടാനുമതി സംബന്ധിച്ച ഫയൽ ലഭ്യമായതിൽ പെർമിറ്റ് ഫീസ് അടവാക്കിയതും എഞ്ചിനീയറിംഗ് വിഭാഗം, ഓഫീസ് സെക്ഷൻ, സൂപ്രണ്ട് എന്നിവരെല്ലാം പരിശോധിച്ച് അയച്ച ഒരു ഫയൽ സ്വാഭാവികമായും കൃത്യമായതായിരിക്കും എന്ന ധാരണയിൽ അനുമതി നൽകിയതാണ് എന്ന ടിയാളുടെ വാദം പരിഗണിക്കാവുന്നതാണെന്നും കെട്ടിടനിർമ്മാണാനുമതിയിൽ ടിയാൾ ചുമതലയേൽക്കുന്നതിന് മുൻപെ തന്നെ കണ്ടെത്തിയിരുന്ന അപാകതകൾ ഫിസിക്കൽ ഫയൽ നേരിട്ട് കണ്ടാൽ മാത്രമേ ബോധ്യമാകകയുള്ളൂ എന്ന ടിയാളുടെ വാദം വസ്തുതാപരവും അംഗീകരിക്കാവുന്നതുമാണെന്നും തിരൂർ നഗരസഭ സെക്രട്ടറി ശ്രീമതി സിനി ടി.എൻ. എന്നവരുടെ പേരിലുള്ള കുറ്റാരോപണ പത്രികയിന്മേൽ അനുഭാവപൂർവ്വം നടപടി സ്വീകരിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

7. തിരൂർ നഗരസഭയിലെ കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷയുമായി ബന്ധപ്പെട്ട PW3-265/2022 നമ്പർ ഫയലിലെ ക്രമക്കേടിൽ ഇന്റേണൽ വിജിലൻസ് വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും ആരോപണ വിധേയരായ നഗരസഭ സെക്രട്ടറിമാരായ ശ്രീ.ഷെറി ജി, ശ്രീമതി സിനി ടി.എൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. കെട്ടിടത്തിന്റെ രണ്ട് അപാകങ്ങളിൽ കെ.എം.ബി.ആർ ചട്ടപ്രകാരം സ്പഷ്ടീകരണം ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടും നിബന്ധനകളോടെ പെർമിറ്റ് ഫീ ഈടാക്കി കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് ഉത്തരവ് നൽകിയ ശ്രീ. ഷെറി ജി യുടെ നടപടി കാര്യനിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഗുരുതര വീഴ്ചയാണെന്ന് വിലയിരുത്തുന്നു. കൂടാതെ എല്ലാ തട്ടുകളിൽനിന്നുമുള്ള വായനകൾക്കും പരിശോധനകൾക്കും ശേഷം മാത്രമേ പെർമിറ്റ് ഫീസ് കണക്കാക്കാറുള്ളൂ എന്നത് പ്രസക്തമാണെങ്കിലും കൃത്യമായി ഫയൽ പരിശോധിക്കാതെ കെട്ടിട നിർമ്മാണാനുമതി ഓൺലൈനായി അനുവദിക്കുകയും, പ്ലാനും അനുബന്ധ രേഖകളുടെയും ഹാർഡുകോപ്പി ഒപ്പുവെച്ച് നൽകാതിരിക്കുകയും ചെയ്തത് തിരൂർ നഗരസഭാ സെക്രട്ടറി ശ്രീമതി സിനി ടി.എൻ-യുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണെന്ന് കാണുന്നു.

8. ആയതിനാൽ തിരൂർ നഗരസഭയിലെ കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷയുമായി ബന്ധപ്പെട്ട PW3-265/2022 നമ്പർ ഫയലിലെ ക്രമക്കേടിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. ഷെറി ജി-യുടെ ഭാഗത്തുനിന്നും ഗുരുതര വീഴ്ച കണ്ടെത്തിയതിനാലും ടിയാൻ 31.05.2025 തീയതിയിൽ സേവനത്തിൽനിന്നും വിരമിച്ചതിനാലും ടിയാനെതിരായ അച്ചടക്ക നടപടി കെ.എസ്.ആർ ഭാഗം III ചട്ടം 59(d) പ്രകാരം ആരംഭിക്കുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കിയും ശ്രീമതി സിനി ടി.എൻ-ന് എതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാളുടെ മൂന്ന് വാർഷിക ഇൻക്രിമെൻറ് മൂന്ന് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീ. ഷെറി ജി, മുൻ നഗരസഭ സെക്രട്ടറി, തിരൂർ നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി സിനി ടി.എൻ, നഗരസഭ സെക്രട്ടറി, തിരൂർ നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/24/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 06-08-2025 10:19:33

സെക്ഷൻ ഓഫീസർ